## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5683 | 18.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ പെൻഷൻ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ പെൻഷൻ പ്രായം എത്രയാണ്; | (എ) എല്ലാ വർഷവും ഏപ്രിൽ 30 ന്, 62 വയസ് പൂർത്തിയാകുന്ന അങ്കണവാടി ജീവനക്കാർ അവരുടെ സർവീസിൽ നിന്നും വിരമിക്കുന്നു. |
| (ബി) ഇവർ വിരമിക്കുമ്പോൾ കിട്ടുന്ന പെൻഷൻ എത്രയാണെന്ന് അറിയിക്കാമോ; | (ബി) വിരമിച്ച അങ്കണവാടി വർക്കർക്കും അങ്കണവാടി ഹെൽപ്പർക്കും നിലവിൽ, യഥാക്രമം 1,000/-രൂപ, 600/-രൂപ എന്ന നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു. |
| (സി) ഈ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നയം എന്താണ് എന്ന് വിശദമാക്കാമോ? | (സി) വിരമിച്ച അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ